# മരിയൻ ദൂത്

St. Mary's Knanaya Catholic Parish of Chicago

**Vol XV - Issue 024 June 8 2025** www.smkcparish.us | (847) 583 2910 | skmudakodi@gmail.com | 7800 Lyons st, Morton Grove, IL-60053




## ജൂൺ 8 ഞായറാഴ്ച്ച പന്തക്കുസ്താ തിരുനാളോടെ ശ്ലീഹാക്കാലത്തിന് തുടക്കം




പന്തക്കുസ്താത്തിരുനാൾ തുടങ്ങിയുള്ള ഏഴ് ആഴ്ച്ചകളാണ് ശ്ലീഹാക്കാലം എന്ന പേരിൽ അറിയപ്പെടുന്നത്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്കു പ്രത്യേകമായി പ്രാധാന്യം നൽകുന്ന കാലമാണിത്. രക്ഷാചരിത്രവുമായി അഭേദ്യബന്ധം പുലർത്തുന്ന ഒരു തിരുനാളാണ് പന്തക്കുസ്ത. ഇസ്രായേൽ ജനം വിളവെടുപ്പിനോടു ബന്ധപ്പെടുത്തി 'പന്തക്കുസ്താ'ത്തിരുനാൾ ആഘോഷിച്ചിരുന്നതായി നാം പഴയ നിയമത്തിൽ വായിക്കുന്നുണ്ട്. 'പന്തക്കുസ്ത' എന്ന പദത്തിന്റെ അർത്ഥം അമ്പത് എന്നാണ്; അമ്പതാം ദിവസത്തെ തിരുനാൾ. വിളവെടുപ്പിനോട നുബന്ധിച്ചുള്ള ആദ്യ ഫലസമർപ്പണത്തിന്റെ തിരുനാളായിരുന്നു അത്. പിന്നീടാണ് ഇസ്രായേൽ ജനം ദൈവത്തിന്റെ ഉടമ്പടി പ്രകാരമുള്ള ദൈവജനമായിത്തീർന്നതിന്റെ ഓർമ്മയാചരണമായി ഈ തിരുനാൾ രൂപാന്തരപ്പെട്ടത്.

പുതിയ നിയമത്തിൽ ഈ തിരുനാളിനു 'പുതിയ' അർത്ഥം നൽകപ്പെട്ടു. ഉയിർപ്പിനുശേഷം അമ്പതാം ദിവസമാണല്ലോ പരിശുദ്ധാത്മാവ് ശ്ലീഹൻമാരുടെമേൽ എഴുന്നള്ളിയത്. അന്നാണ് സഭ ഔദ്യാഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടത്. അന്ന് പിതാവായ ദൈവം, ദൈവസ്നേഹം വ്യക്തിത്വം ധരിച്ച പരിശുദ്ധാത്മാവിൽ പുതിയ ഉടമ്പടിക്കു മുദ്രവച്ചു. ഈ ഉടമ്പടി കൽപലകകളിലല്ല, മനുഷ്യ ഹൃദയങ്ങളിലാണ് ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നത്. പന്തക്കുസ്തായ്ക്കു ശേഷമാണ് പരിശുദ്ധാത്മാവിനാൽ പൂരിതരായ ശ്ലീഹന്മാർ പുതിയ ഉടമ്പടിയുടെ സന്ദേശവുമായി ലോകമെങ്ങും പോവുകയും സഭാ സമൂഹ ങ്ങൾക്ക് അടിസ്ഥാനമിടുകയും ചെയ്തത്. "ശ്ലീഹാ' എന്ന പദത്തിന്റെ അർത്ഥം തന്നെ "അയയ്ക്കപ്പെട്ടവൻ' എന്നാണ്. മാമ്മോദീസായും തൈലാഭിഷേകവും സ്വീകരിച്ച എല്ലാവരും "അയയ്ക്കപ്പെട്ടവർ" ആണെന്ന വസ്തുത ഈ കാലം നമ്മെ അനുസ്മരിപ്പിക്കുന്നു.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ, ശ്ലീഹന്മാരും ദൈവജനവുമാകുന്ന സഭയും തമ്മിലുള്ള സുദൃഢമായ ബന്ധം, ആദിമ സഭയുടെ ചൈതന്യവും കൂട്ടായ്മയും, സഭയുടെ പ്രേഷിതസ്വഭാവവും ദൗത്യവും എന്നിവയാണ് ഈ കാലത്തിലെ പ്രധാന ചിന്തകൾ. തങ്ങളുടെ ഗുരുവിന്റെ സന്ദേശവുമായി ലോകം മുഴുവനും ചുറ്റി സഞ്ചരിച്ച്, പുതിയ സഭാ സമൂഹങ്ങൾക്കു രൂപംകൊടുത്ത ശ്ലീഹന്മാരുടെ കൂട്ടായ്മയിലും ഐക്യത്തിലും നമുക്കും പങ്കുചേരാം. നമ്മൾ പരിശുദ്ധാത്മാവിന്റെ ആലയങ്ങളാണെന്ന സത്യം മുറുകെ പിടിച്ചുകൊണ്ട്, അവിടുത്തെ നിരന്തര സഹായത്താൽ, നമുക്കും ശ്ലീഹന്മാരെപ്പോലെ മിശിഹായെ പ്രഘോഷിക്കാം.

# Church Schedule

## HOLY Qurbana in MALAYALAM

Sunday 8.:00 AM, 10: 00 AM & 5.30 PM
Monday - Friday 8:15 AM
Monday-Thursday 7:00PM
Saturday - 10:00AM

## HOLY QURBANA IN ENGLISH

Sunday - 11:40 AM
Friday - 6:00 PM

## NOVENA (AFTER HOLY QURBANA)

Tuesday: St. Anthony
Thursday: St.Jude
Saturday: Our Lady of Perpectual Help
1st Wednesday: St. Michael

## CONFESSION

Everyday before Holy Qurbana

## RELIGIOUS EDUCATION

Sunday: 10:00AM

## ADORATION CHAPEL

9:00AM - 9:00 PM




## ഒന്നാം ഞായർ
## പന്തക്കുസ്താത്തിരുനാൾ

**Scripture Reading:**
**St. Antony's Koodarayogam**

പുറ 19:1–9
നിങ്ങൾ ദൈവത്തിന്റെ വിശുദ്ധജനം.
ശ്ലീഹ 2:1–13
ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവ്.
1 കോറി 12:1–11
പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ.
യോഹ 16:5–15
പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ.

## CONTACT INFORMATION

Fr. Siju Mudakodil (Vicar): (210)630 2295
Fr. Anish Maveliputhenpura (Asst. Vicar): 773 423 7292
Sr. Shalom S.V.M (Parish Secratry): (626)247-0340
Sabu Kattapuram(Trustee Cordinator): (847) 791 1452
Lukose Poozhikunnel (Trustee) : (708)917 9989
George Mattathilparambil (Trustee): (847)606 1642
Binu Poothurayil (Trustee): (847)644 9869
Nibin Vettikkattil (Youth Trustee): (773)934 3535
James Mannakulathil (Accountant): (312)622 3326
Sunny Meledam (Secratary): (773)550 1995
Anil Mattathikunnel (P.R.O): (773)280 3632
Saji Poothrukayil (DRE): (847) 293 9409
Maneesh Kaimoolayil (Asst. DRE): (773)550 6328
Peter Kulangara(Funeral Cordinator): (847)951 4476
Visitation Convent: (847) 603 8881

## MARK YOUR CALENDER

June7: Feast of St. Mariam Thresia
June 8: The Feast of Pentecost
June 27: Feast of Sacred Heart of Jesus
June 14: Youth night with Paul J. Kim
June 15: Father's Day Celebrations
June 30: Get together of Seniors <70
with Mar Aprem
July 3: Dukhrana of St. Thomas
July 20: Parish Day
July 30- Aug 1: CCD Summer Camp
August 3 : Main Feast: Flag Hoisting
August 10: Main Parish Feast
August 15: Assumption of Our Lady

# സത്യാത്മാവു വരുമ്പോൾ നിങ്ങളെ സത്യത്തിൻെറ പൂർണതയിലേക്കു നയിക്കും. യോഹ 16:13



പന്തക്കുസ്താ തിരുനാളിൽ സഭ വിചിന്തനത്തിനായി നൽകിയിരിക്കുന്ന വി. യോഹന്നാൻ അറിയിച്ച സുവിശേഷം 16-ാം അധ്യായം 5 മുതൽ 15 വരെയുള്ള തിരുവചനങ്ങളിൽ നാം കാണുക, താൻ കൂടെയില്ലാത്ത തന്റെ ശിഷ്യർ നിസ്സഹായരാണെന്ന് അറിയുന്ന കർത്താവ്, അവർക്ക് തന്റെ ശക്തി നൽകിക്കൊണ്ട് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും അവരെ കൂടെക്കൂടെ ഓർമ്മപ്പെടുത്തുന്ന നിത്യസഹായകനെ വാഗ്ദാനം ചെയ്യുന്നതായാണ്. ഒരു രോഗിക്ക് സഹായം ഡോക്ടറും നേഴ്സുമാണ്, ഒരു കുഞ്ഞിന് സഹായി തന്റെ അമ്മയാണ്, ഒരു വിദ്യാർത്ഥിക്ക് സഹായി അധ്യാപകനാണ്. അതുപോലെ ഒരു ക്രിസ്തുശിഷ്യന് സഹായി നിത്യസഹായകനായ പരിശുദ്ധാത്മാവ് തന്നെയാണ്.

സഹായകനായ പരിശുദ്ധാത്മാവ് തങ്ങളുടെ ജീവിതത്തിലേക്ക് കടന്നുവന്നപ്പോൾ ശിഷ്യരുടെ ജീവിതത്തിൽ സംഭവിച്ച വലിയ മാറ്റങ്ങളെപ്പറ്റി അപ്പസ്തോല പ്രവർത്തനങ്ങളിൽ നാം കാണുന്നു. ഇന്നലെ വരെ ഭയത്തിന്റെ ആവൃത്തിക്കുള്ളിൽ അടക്കിപ്പിടിച്ച സംസാരവും പേടിച്ചരണ്ട കണ്ണുകളുമായി കഴിഞ്ഞ ശിഷ്യന്മാർ, ആത്മാവിനെ സ്വീകരിച്ച് അനന്ത നന്മയായ ക്രിസ്തുവിനെ പ്രഘോഷിക്കാനിടയായി. ജോയേൽ പ്രവാചകന്റെ പുസ്തകം 2: 28-29 ൽ നാം ഇപ്രകാരം വായിക്കുന്നു: "എല്ലാവരുടെയും മേൽ ഞാൻ എന്റെ ആത്മാവിനെ വർഷിക്കും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും. യുവാക്കൾക്ക് ദർശനങ്ങളുണ്ടാകും. ആ നാളുകളിൽ എന്റെ ദാസന്മാരുടെയും ദാസിമാരുടെയുംമേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും."

ക്രിസ്തീയജീവിതം ദൈവാത്മാവിലുള്ള ജീവിതമാണ്. "ദൈവാരൂപിയിൽ നയിക്കപ്പെട്ടവരെല്ലാം ദൈവമക്കളാണ്" (റോമ 8: 14). അരൂപിയിൽ ജനിച്ച്, അരൂപിയിൽ ജീവിച്ച്, അരൂപിയിൽ വളരുന്ന ജീവിതമാണ് ക്രൈസ്തവജീവിതം. അതുപോലെ തിരുസഭ എന്നു പറയുന്നത്, മിശിഹായുടെ അരൂപിയിൽ ജീവിക്കുന്നവരുടെ സമൂഹമാണ്. ക്രൈസ്തവരായ നമ്മുടെ ജീവിതത്തിൽ ദൈവാരൂപിയുടെ പ്രവർത്തനങ്ങളുടെ ഫലമായി നൽകപ്പെട്ടിരിക്കുന്ന വരദാനങ്ങളെ പൊതുനന്മക്കായി ഉപയോഗിക്കണമെന്നുള്ള നിർദ്ദേശമാണ് കോറിന്തോസിലെ സഭയ്ക്കെഴുതിയ ലേഖനത്തിലൂടെ വി. പൗലോസ് ശ്ലീഹാ നമ്മോട് പങ്കുവയ്ക്കുന്നത്.

പരിശുദ്ധാത്മാവ് നമ്മെ നിത്യം സഹായിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന ആത്മാവാണ്. ബോധ്യ ങ്ങൾ സമ്മാനിക്കുകയും നേർവഴിയിലൂടെ ചരിക്കാൻ പ്രേരണ നൽകുകയും ചെയ്യുക ആത്മാവ് തന്നെ യാണ്. സാവൂളിനെ മാനസാന്തരത്തിലൂടെ വി. പൗലോസാക്കിത്തീർത്തതും പാപിയായ അഗസ്റ്റിനെ മാനസാന്തരം വഴി അഗസ്റ്റിനോസ് പുണ്യവാളനാക്കിത്തീർത്തതും ആ ആത്മാവ് തന്നെയാണ്. ആത്മാവിന്റെ പ്രേരണയനുസരിച്ച് സഹനങ്ങൾ ഏറ്റെടുക്കുകയും വിശുദ്ധിയുടെ പടവുകൾ ചവിട്ടിക്കയറുകയും ചെയ്തവളാണ് സഹനങ്ങളുടെ പുത്രിയായ വിശുദ്ധ അൽഫോൻസയെങ്കിൽ അവളെ സഹായിച്ചതും ശക്തിപ്പെടുത്തിയതും ഇതേ ആത്മാവ് തന്നെയാണ്.

ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല എന്ന നാഥന്റെ വാഗ്ദാനം ഇന്ന് സഭയിൽ നിറവേറപ്പെടുന്നു. മാമ്മോദീസായിലൂടെ പാപത്തിനു മരിച്ച് നമ്മെ ദൈവമക്കളാക്കുന്ന പരിശുദ്ധാത്മാവ് നിരന്തരം നമ്മെ നയിക്കുന്നു. ആ ആത്മാവാണ് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും നമ്മെ പഠിപ്പിക്കുന്നത്. കർദ്ദിനാൾ ജോൺ ഹെന്റി ന്യൂമാന്റെ വാക്കുകളിൽ, ആത്മാവിന്റെ പ്രവർത്തനങ്ങൾ യേശുവിന്റെ രക്ഷാകരപ്രവർത്തനങ്ങളിൽ നിറഞ്ഞുനിൽക്കുന്നത് ഇപ്രകാരമാണ്: "ക്രിസ്തു ആത്മാവിനാൽ ജനിച്ചു. നമ്മളും ആത്മാവിനാൽ ജനിച്ചവരാണ്. ക്രിസ്തു ആത്മാവിനാൽ നീതികരിക്കപ്പെട്ടു; നമ്മളും നീതികരിക്കപ്പെടുക ആത്മാവിലാണ്."

നമുക്ക് നമ്മിലേക്ക് തിരിഞ്ഞു നോക്കാം. നമ്മിലുള്ള ഈ ആത്മചൈതന്യത്തെ ശരിക്കും നാം തിരിച്ചറിയുന്നുണ്ടോ? ഇന്ന് ഈ പന്തക്കുസ്താ ദിനത്തിൽ നിരന്തരം നമ്മെ നയിക്കുന്ന, നിത്യം നമ്മുടെ കൂടെയുള്ള, നമ്മെ പരിപാലിക്കുന്ന, ശക്തിപ്പെടുത്തുന്ന സഹായകനായ പരിശുദ്ധാത്മാവിനെ അനുഭവിക്കാൻ നമുക്ക് കഴിയുന്നുണ്ടോ? അനുഭവിക്കാൻ കഴിയുന്നില്ലെങ്കിൽ നമുക്ക് ഒന്നുചേർന്ന് ഈ തിരുനാളിൽ ദാഹത്തോടെ പ്രാർത്ഥിക്കാം. കാരണം, ഓരോ വിശുദ്ധ കുർബാനയും ഒരു പുതിയ പന്തക്കുസ്താ അനുഭവമാണ്. റൂഹാക്ഷണ പ്രാർത്ഥനാവേളയിൽ തിരുവസ്തുക്കളുടെമേലും നമ്മൾ ഓരോരുത്തരുടെ മേലും പരിശുദ്ധാത്മാവിന്റെ ശക്തി വന്നുനിറയുന്ന നിമിഷമാണ്. കർത്താവേ, അങ്ങയുടെ ശിഷ്യരുടെമേൽ ഇറങ്ങിവന്ന ആത്മാവിനെ അറിയാനും അനുഭവിക്കാനും ഞങ്ങൾക്ക് ഇടവരുത്തേണമേ എന്ന് നമുക്ക് ഒന്നുചേർന്ന് പ്രാർത്ഥിക്കാം.

# THE SPIRIT THAT TRANSFORMS: PENTECOST AND OUR CHRISTIAN JOURNEY




As we celebrate the Feast of Pentecost, the Church invites us to reflect on the Gospel passage from John 16:5–15. In this passage, Jesus, knowing that His disciples would feel helpless in His physical absence, promises them the Eternal Helper, the Holy Spirit, who will continually remind them about sin, righteousness, and judgment.

Just as a doctor and nurse are a help to the sick, a mother to a child, and a teacher to a student, the Holy Spirit is the divine helper to every Christian disciple. When the Holy Spirit entered the lives of the disciples, their lives were transformed—something we witness in the Acts of the Apostles. The very disciples who had hidden in fear just a day before now boldly proclaimed Christ with renewed courage and conviction.

As the Prophet Joel prophesied (Joel 2:28–29):"I will pour out my Spirit on all people. Your sons and daughters will prophesy, your old men will dream dreams, your young men will see visions. Even on my servants, both men and women, I will pour out my Spirit in those days."

The Christian life is a life lived in the Spirit of God. “All who are led by the Spirit of God are children of God” (Romans 8:14). To be a Christian is to be born in the Spirit, live in the Spirit, and grow in the Spirit. The Church, too, is the community of those who live in the image of Christ.

St. Paul, in his letter to the Corinthians, instructs us to use the gifts given by the Spirit for the common good. The Holy Spirit is the one who guides us, strengthens us, convicts us, and leads us along the path of righteousness. The same Spirit who transformed Saul into St. Paul and turned Augustine from a sinner into a saint, inspired St. Alphonsa to embrace suffering and climb the ladder of holiness.

The Lord’s promise, “I will not leave you orphans,” is fulfilled in the Church through the Holy Spirit, who continually leads us, teaches us, and reminds us of sin and righteousness. As Cardinal John Henry Newman said,

"Christ was conceived by the Holy Spirit, and so are we. Christ was justified by the Spirit, and so are we."

So let us look inward. Are we truly aware of this inner spiritual life within us? On this Pentecost Sunday, can we experience the guiding, ever-present, and empowering Holy Spirit in our lives? If not, let us come together in thirst and prayer.

Every Holy Qurbana is a new Pentecost experience. During the invocation of the Holy Spirit, we believe that the Spirit descends not only upon the sacred elements but also upon each of us.

Let us join in this prayer: “Lord, may we come to know and experience the Spirit that descended upon Your disciples.”

# ST. MARY'S KNANAYA CATHOLIC PARISH OF CHICAGO

Pentecost

# പെന്തക്കുസ്താ തിരുനാൾ

## കുട്ടികളെ എഴുത്തിനിരുത്തൽ

**June 8th 2025**
**Sunday 10.00am**



**മുഖ്യ കാർമ്മികൻ: മാർ ജോർജ്ജ് പള്ളിപ്പറമ്പിൽ**
Bishop of Miao

പരിശുദ്ധാത്മാവേ നീയെഴുന്നള്ളി
വരണമേ എന്റെ ഹൃദയത്തിൽ
ദിവ്യദാനങ്ങൾ ചിന്തിയെന്നുള്ളിൽ
ദൈവസ്നേഹം നിറയ്ക്കണേ

# അറിയിപ്പ്

**Dear parents,**

**Malayalam Class and Unnikalari is planning to start during the summer vacation on behalf of the CCD school. Visitation convent sisters and CCD teachers will lead the classes. The classes will start on June 17 th. Classes will be every Tuesday and Wednesday from 11 AM-12:30 PM. Malayalam writing, reading, and speaking will be taught along with indoor and outdoor games. There will be minimal fees for this session. Please try to make necessary arrangement to send the kids to escape boredom at home during school vacation. Ages 5 and up.**

പ്രിയ മാതാപിതാക്കളെ ,

നമ്മുടെ കുട്ടികൾക്കുവേണ്ടി ഉണ്ണികളരിയും മലയാളം ക്ലാസും ജൂൺ **17** മുതൽ ആരംഭിക്കുകയാണ് . **11** മുതൽ **12.30** വരെയാണ് ക്ലാസ്. അഞ്ച് വയസ്സിന് മുകളിലുള്ള കുട്ടികളെ ക്ലാസ്സുകളിൽ കൊണ്ടുവരുക . കൊച്ചു കുട്ടികൾ അറിഞ്ഞിരിക്കേണ്ടതും പഠിച്ചിരിക്കേണ്ടതുമായ ഒത്തിരി കാര്യങ്ങൾ ക്ലാസ്സുകളിൽ പഠിപ്പിക്കുന്നതാണ് . കൊച്ചച്ചനും സിസ്റ്റർമാരും **CCD** അദ്ധ്യാപകരും ക്ലാസുകൾ കൈകാര്യം ചെയ്യുന്നതാണ് .

## FATHER'S DAY CELEBRATIONS

# JUNE 15TH SUNDAY



# YOUTH NIGHT

## WITH PAUL J. KIM



music – beatboxing, comedy, inspirational talks

**ST. MARY'S KNANAYA CATHOLIC**
**15TH ANNIVERSARY YOUTH CELEBRATION**

# JUNE 14 • 4–6 PM

Limited Spots Available – Register Early!

https://tinyurl.com/StMarys2025

KNANAYA CATHOLIC TEEN MINISTRY

BURNING WITH LOVE FOR CHRIST

# St. Mary's
# Knanaya Catholic Parish of Chicago

## 15th Anniversary Celebrations

UPCOMING EVENTS

Saturday
14
June
4-6pm

Youth Night
BBQ Get together
Paul J Kim



Sunday
15
June
10.00 am

Father's Day
Celebrations



Monday
30
June

Get together of
Seniors above age
70 with
Mar Aprem

Sunday
20
July

Parish Day
Wedding Anniversary
Celebrations





# St. Mary's Knanaya Catholic Church

## "THE SHRINE OF GUADALUPE" & MEXICO CITY

From Chicago
September 4-7, 2025

ALL-INCLUSIVE PACKAGE
featuring 5-star hotels







## TOUR HIGHLIGHTS

### Day 1

- Morning arrival in Mexico City & breakfast
- Visit the City, including the Zocalo, view the National Palace, Mass in the Basilica of Guadalupe
- After lunch, visit the Museum of Anthropology

### Day 2

- Pyramids of Teotihuacan & Coyoacan
- Lunch at Gran Teocalli in Teotihuacan
- Church of San Juan Bautista & Church of El Carmen

### Day 3

- Visit Mexico city and historic and Chapultepec Park Mass
- at Basilica of Our Lady of Ocotlan
- Shrine of San Miguel Del Milagros

### Day 4

- Visit Basilica of Guadalupe and Mass at the Basilica
- Shopping and transfer to the airport

**Group Leaders**
**Rev. Fr. Siju Mundakkodil**
**Johnikutty Pillaveettil**
847-924-3493

(847) 759-0899 | www.mathewstour.com | info@mathewstour.com